Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE : 8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

30th October 2015

## തിരഞ്ഞെടുപ്പിലെ ക്രമസമാധാന പാലനം: നിർദ്ദേശം നൽകി

തിരഞ്ഞെടുപ്പിലെ പോലീസ് വിന്യാസവും മാരകായുധങ്ങൾ കൈവശം വെക്കുന്നതിനെതിരെയുള്ള നടപടികളും വാഹന പരിശോധനയും സംബന്ധിച്ച് കമ്മീഷൻ നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പിൽ പോലീസ് വിന്യാസത്തിൽ പ്രത്യേക കരുതൽ നടപടികൾ കൈക്കൊള്ളണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയയിലുടനീളവും ഫലപ്രഖ്യാപനം നടന്ന് ഒരാഴ്ച്ച കഴിയുംവരെയും മാരകായുധങ്ങൾ കൈവശം കൊണ്ടു നടക്കരുത് എന്ന് വ്യാപക പ്രചാരണത്തിലൂടെ ജനങ്ങളെ അറിയിക്കണം. തിരഞ്ഞെടുപ്പ് ഘട്ടത്തിൽ ആരെയെങ്കിലും ഇത്തരം മാരകായുധങ്ങളുമായി കണ്ടാൽ അവരെ കർശനമായി നേരിടുകയും ആയുധങ്ങൾ പിടിച്ചെടുക്കുകയും വേണം. വോട്ടെടുപ്പ് ദിനത്തിനു മൂന്നു ദിവസം മുമ്പും വോട്ടെടുപ്പ് ദിവസവും വോട്ടെണ്ണൽ പൂർത്തിയാകുന്നതുവരെയും സാമൂഹിക വിരുദ്ധരോ ആയുധങ്ങളോ പുറത്തുനിന്ന് നിയോജക മണ്ഡലങ്ങളിലേക്ക് കടക്കുന്നില്ലെന്ന് വാഹന പരിശോധനയിലൂടെ ഉറപ്പുവരുത്തണം.കുറ്റവാളികളെ പിടികൂടുകയും ആയുധങ്ങളും വാഹനങ്ങളും പിടിച്ചെടുക്കുകയും വേണം.

*(എസ്.ഇ.സി.152 /2015)*

## തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ്: പോളിംഗ് ഓഫീസർമാർ രാവിലെ 10 മണിക്ക് ഹാജരാകണം.

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായി പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള പോളിംഗ് ഓഫീസർമാർ, നവംബർ 2-ന് തിരഞ്ഞെടുപ്പ് നടത്തുന്ന ജില്ലകളിൽ (വർക്കല, ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികൾ, തിരുവനന്തപുരം കോർപ്പറേഷൻ ഒഴികെ) നവംബർ ഒന്നിന് രാവിലെ 10 മണിക്ക് മുമ്പും, നവംബർ 5-ന് തിരഞ്ഞെടുപ്പ് നടത്തുന്ന ജില്ലകളിൽ നവംബർ 4-ന് രാവിലെ 10 മണിക്ക് മുമ്പും പോളിംഗ് സാധനങ്ങൾ ഏറ്റുവാങ്ങാൻ അതാത് വിതരണ സ്വീകരണ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം. പോളിംഗ് സാധനങ്ങൾ ഏറ്റുവാങ്ങി അവിടെ സജ്ജമാക്കിയിട്ടുള്ള വാഹനങ്ങളിൽ ബന്ധപ്പെട്ട പോളിംഗ് സ്റ്റേഷനുകളിൽ എത്തിച്ചേരണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ച് ഉത്തരവായി.

പോളിംഗ് ഓഫീസർമാർക്ക് നൽകിയ നിയമന ഉത്തരവിൽ രാവിലെ 8 മണിക്ക് എത്തിച്ചേരണം എന്നാണ് നിഷ്ക്കർഷിച്ചിരുന്നത്. പോളിംഗ് സാധനങ്ങളുടെ വിതരണ സ്വീകരണ ചുമതലയുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ബന്ധപ്പെട്ട വരണാധികാരികളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉൾപ്പെടെയുള്ള എല്ലാ പോളിംഗ് സാധനങ്ങളും വിതരണ ദിവസം രാവിലെ 10 മണിക്ക് മുമ്പ് അതാത് വിതരണ കൗണ്ടറുകളിൽ പോളിംഗ് ഓഫീസർമാർക്ക് വിതരണത്തിനായി സജ്ജമാക്കിയിട്ടുണ്ടെന്നും അവ രാവിലെ 10 മണി മുതൽ വിതരണം ചെയ്തു തുടങ്ങി നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നുണ്ടെന്നും ഉറപ്പാക്കണം.

*(എസ്.ഇ.സി. 153 /2015)*

## 1,022 പ്രശ്ന ബാധിത ബൂത്തുകളിൽ വെബ് കാസ്റ്റിംഗ്

അതീവ പ്രശ്ന ബാധിതമായി പോലീസ് കണ്ടെത്തിയ 1,315 പോളിംഗ് ബൂത്തുകളുടെ പട്ടികയിൽ 1,022 ബൂത്തുകളിൽ വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. വെബ് കാസ്റ്റിംഗിനുള്ള പശ്ചാത്തല സൗകര്യമുണ്ടെന്ന് ബി.എസ്.എൻ.എൽ അധികാരികൾ അറിയിച്ച ബൂത്തുകളിലാണിത്. ശേഷിച്ച ബൂത്തുകളിൽ വീഡിയോഗ്രാഫി ഏർപ്പെടുത്താനും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ചുമതല നൽകി. പോളിംഗ് ദിവസം വീഡിയോഗ്രാഫി ഏർപ്പെടുത്തുന്നതിന് ബൂത്തൊന്നിന് 4,000/- രൂപ നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.

ജില്ലാ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥരും ജില്ലാ പോലീസ് മേധാവിയും സിറ്റി പോലീസ് കമ്മീഷണറും ചേർന്ന് കണ്ടെത്തുന്ന മറ്റ് പ്രശ്ന ബാധിത ബൂത്തുകളിൽ വീഡിയോഗ്രാഫി ഈ നിരക്കിൽ കമ്മീഷന്റെ ചെലവിൽ ഏർപ്പെടുത്തും. രാഷ്ട്രീയ കക്ഷികളും മറ്റ് സംഘടനകളും സ്ഥാനാർത്ഥികളും ആവശ്യപ്പെടുന്ന ബൂത്തുകളിൽ അവരുടെ ചെലവിൽ വീഡിയോഗ്രാഫി ഏർപ്പെടുത്താനും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. ഇതിന് കമ്മീഷൻ നിശ്ചയിച്ച തുക മുൻകൂറായി ആവശ്യക്കാർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുമ്പാകെ കെട്ടിവെക്കണം. വീഡിയോ റിക്കാർഡിംഗിന്റെ എഡിറ്റ് ചെയ്യാത്ത കോപ്പി വോട്ടെടുപ്പ് കഴിഞ്ഞാലുടൻ തന്നെ വീഡിയോഗ്രാഫറിൽ നിന്നും വാങ്ങി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സുരക്ഷിത സൂക്ഷിപ്പിൽ വെക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി.154 /2015)*

## ''ട്രെൻഡ്'' സജ്ജീകരണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം

തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിന്റെ ഫല പ്രഖ്യാപനത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ മുഖേന രൂപകല്പന ചെയ്ത 'ട്രെൻഡിന്റെ' സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക സജ്ജീകരണങ്ങളും സമയബന്ധിതമായി പൂർത്തിയാക്കണമന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഓരോ വോട്ടെണ്ണൽ കേന്ദ്രത്തിലും വോട്ടെണ്ണുന്ന മുറയ്ക്ക് ഫലം ട്രെൻഡിലേക്ക് അപ്ലോഡ് ചെയ്യുന്നതിനായി കമ്പ്യൂട്ടർ, പ്രിന്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കാൻ സുരക്ഷിതത്വമുള്ള മുറി സജ്ജീകരിക്കണം.

കമ്പ്യൂട്ടറുകൾ സ്ഥാപിക്കാനുള്ള പ്ലഗ്പോയിന്റ് അനുബന്ധ സൗകര്യങ്ങളും കെൽട്രോണും ഇന്റർനെറ്റ് കണക്ഷൻ ബി.എസ്.എൻ.എല്ലുമാണ് ഒരുക്കേണ്ടത്. ബ്ലോക്ക് തല വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ഇന്റർനെറ്റ് കണക്ട് ചെയ്യാവുന്ന പ്രവർത്തനക്ഷമത ഉറപ്പുള്ള ആറ് കമ്പ്യൂട്ടറുകൾ ബ്ലോക്ക് സെക്രട്ടറിയും നഗരതല കേന്ദ്രങ്ങളിൽ നാല് കമ്പ്യൂട്ടറുകൾ നഗരസഭാ സെക്രട്ടറിയും ലഭ്യമാക്കണം. യു.പി.എസ്. പ്രിന്റർ എന്നിവയും എത്തിക്കണം. വോട്ട് കണക്ക് കമ്പ്യൂട്ടറിൽ എന്റർ ചെയ്യുന്നതിന് ബ്ലോക്കിനു കീഴിൽ വരുന്ന പഞ്ചായത്തുകളിൽ അഞ്ചും നഗര തല കേന്ദ്രങ്ങളിൽ രണ്ടും ടെക്നിക്കൽ അസിസ്റ്റന്റുമാരെയും ഇവരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ ഇൻഫർമേഷൻ കേരള മിഷൻ നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റിനെയും നിയമിക്കണം ഇവർക്കുള്ള പരിശീലനം ട്രെൻഡിന്റെ ടെക്നിക്കൽ കോ ഓഡിനേറ്റർ ആയ ഡിസ്ട്രിക്റ്റ് ഇൻഫർമേറ്റിക്സ് ഓഫീസർമാർ നൽകണം.

ബ്ലോക്ക് തലത്തിലും നഗരതലത്തിലും ഡാറ്റ അപ്‌ലോഡിംഗ് സെന്ററിൻെറ സൂപ്പർവൈസറായി ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസർ സെന്ററിൻെറ സാങ്കേതികവും ഡാറ്റ എൻട്രി സംബന്ധിച്ചതുമായ കാര്യങ്ങൾക്ക് മൊത്തത്തിൽ മേൽനോട്ടം നടത്തുന്നതിന് ഉടൻ നിർദ്ദേശം നൽകണമെന്നും കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 155 /2015)*

## തിരഞ്ഞെടുപ്പ് : രഹസ്യമുദ്ര രണ്ട് ദിവസത്തിനകം കൈപ്പറ്റണം

തദ്ദേശഭരണ സമിതി തിരഞ്ഞെടുപ്പിലേയ്ക്കുള്ള രഹസ്യമുദ്രകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നിന്നും ബന്ധപ്പെട്ടവർ രണ്ട് ദിവസത്തിനകം കൈപ്പറ്റണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ ഇവ തിരികെ കമ്മീഷനിൽ എല്പിക്കേണ്ട താണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 156 /2015)*

## ജില്ലാ ആസ്ഥാനങ്ങളിൽ മീഡിയ സെന്ററുകൾ

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മീഡിയാ സെന്ററുകൾ തുടങ്ങാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. മീഡിയാ സെന്ററിന്റെ പ്രവർത്തന ചുമതല അതത് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കായിരിക്കും. ഫലപ്രഖ്യാപനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, ജില്ലാ തിരഞ്ഞെടുപ്പ് ഗൈഡ് പ്രസിദ്ധീകരിക്കുക, മാധ്യമ പ്രവർത്തന ങ്ങൾക്കുള്ള സഹായങ്ങൾ ലഭ്യമാക്കുക തുടങ്ങിയവ ഇലക്ഷൻ മീഡിയാ സെന്ററുകളുടെ ചുമതലയായിരിക്കും.

*(എസ്.ഇ.സി. 157 /2015)*

## 'ട്രെൻഡ്' ഡേറ്റാ എൻട്രി ഫോറം നൽകണം

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ദിവസം രേഖപ്പെടു ത്തിയ വോട്ട് വിവരങ്ങൾ ടെഡർ വോട്ടുകൾ എന്നിവ രേഖപ്പെടുത്തുന്നതിന് പോളിംഗ് ഓഫീസർമാർക്ക് ട്രെൻഡ് ഡേറ്റാ എൻട്രി ഫോറം പോളിംഗ് സാമഗ്രികളോടൊപ്പം വിതരണം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

*(എസ്.ഇ.സി. 158 /2015)*

## പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിന് നിരോധനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്ന തീയതികളിൽ പുകയിലയും പുകയില ഉല്പന്നങ്ങളും ഉപയോഗിക്കുന്നതിനെതിരെ കർശന നടപടികൾ എടുക്കണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. തിരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണ സ്വീകരണ കേന്ദ്രങ്ങൾ, പോളിംഗ് ബൂത്തുകൾ, കൗണ്ടിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പുകവലി, പുകയില ഉല്പന്നങ്ങളുടെ ഉപയോഗം എന്നിവ കർശനമായി നിരോധിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 159/2015)*